# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.597 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**അജൈവ മാലിന്യ സംസ്കരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ചിട്ടയായ അജൈവ മാലിന്യസംസ്കരണ സംവിധാനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ; | (എ) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കണമെന്നും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് റോഡ് ടാറിങ്ങിന് പ്രയോജനപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>1) കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് 2016 മാർച്ച് 18 ന് പ്രസിദ്ധപ്പെടുത്തിയ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016 ൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് ചില കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>2) Reduce-Reuse-Recycle സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാദ്ധ്യമങ്ങളിലൂടെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നുണ്ട്. |
| (ബി) | അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ, വിശദീകരിക്കുമോ; | (ബി) | 1. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ നടപടികൾ ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. ക്ലീൻ കേരള കമ്പനി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറി വരുന്നു. ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം നഗരസഭകളിൽ മാത്രമാണ് MRF പ്രവർത്തിക്കുന്നത്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ MRF സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ? | (സി) | ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ അതാത് വകുപ്പ്/ശുചിത്വമിഷൻ മുഖേന മോണിറ്റർ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ